21881
2/12/19

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ഇടുക്കി ജില്ലയിലെ തൊടുപുഴ, ദേവികുളം, ഉടുമ്പൻചോല, പീരുമേട് എന്നീ താലൂക്കുകളിൽ സമരം ചെയ്തിരുന്ന തോട്ടം തൊഴിലാളികൾക്ക് രണ്ടാഴ്ചത്തെ സൗജന്യ റേഷൻ നൽകിയതിന് ചെലവായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡിആർഎഫ് - എ) വകുപ്പ്

**സ.ഉ.(സാധാ) നം.3585/2019/റവ. തീയതി,തിരുവനന്തപുരം, 29/11/2019**

പരാമർശം:- 1 സ.ഉ.(കൈ) നം. 563/15/റവ തീയതി 08/10/15

2 സ.ഉ.(കൈ) നം. 567/15/റവ തീയതി 12/10/15

3 ഇടുക്കി ജില്ലാ കളക്ടറുടെ 18/10/19-ലെ DCIDK/1193/18-E3നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ തൊടുപുഴ, ദേവികുളം, ഉടുമ്പൻചോല, പീരുമേട് എന്നീ താലൂക്കുകളിൽ സമരം ചെയ്ത തോട്ടം തൊഴിലാളികൾക്ക് രണ്ടാഴ്ചത്തെ സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനും ആയതിലേക്കാവശ്യമായ ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിനും പരാമർശം (1), (2) പ്രകാരം ഉത്തരവായിരുന്നു. ആയതിലേക്ക് ചെലവായ 3,17,048 രൂപ (മൂന്ന് ലക്ഷത്തി പതിനേഴായിരത്തി നാല്പത്തിയെട്ട് രൂപാ മാത്രം) അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഇടുക്കി ജില്ലാ കളക്ടർ ശുപാർശ നൽകിയിട്ടുണ്ട്.

2 ) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. സമരം ചെയ്ത തോട്ടം തൊഴിലാളികൾക്ക് രണ്ടാഴ്ചത്തെ സൗജന്യ റേഷൻ വിതരണം ചെയ്ത വകയിൽ ചെലവായ 317048 രൂപ (മൂന്ന് ലക്ഷത്തി പതിനേഴായിരത്തി നാല്പത്തിയെട്ട് രൂപാ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

3) വിതരണത്തിനാവശ്യമായ 3,17,048 രൂപ (മൂന്ന് ലക്ഷത്തി പതിനേഴായിരത്തി നാല്പത്തിയെട്ട് രൂപാ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ഇടുക്കി ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത.എല്
സ്പെഷ്യൽ സെക്രട്ടറി

ജില്ലാ കളക്ടർ, ഇടുക്കി

ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ഡയറക്ടർ , സിവിൽ സപ് ളൈസ് , തിരുവനന്തപുരം

ജില്ലാ സപ്ലൈ ഓഫീസർ, ഇടുക്കി

ധനകാര്യ (ഫണ്ട്സ് )വകുപ്പ്,

ഭക്ഷ്യ-പൊതുവിതരണ വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by DEEPU S S
Date: 2019.11.29 14:46:01 IST
Reason: Approved
സെക്ഷൻ ഓഫീസർ